LIBRARY ARCHIVES Kerala Legislative Assembly

റേഷൻ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് വിജിലൻസ് കമ്മിറ്റികൾ

4 (*454) ശ്രീ. ബാബു പോൾ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീമതി ഇ. എസ്. ബിജി മോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) വിവിധ വകുപ്പുകളിലെ ചെലവുകൾ അതതു ദിവസം കൺസോളിഡേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം വകുപ്പുകളിൽ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ;

(സി) വരവു ചെലവുകളുടെ റിക്കൺസിലിയേഷൻ കൃത്യമായി വകുപ്പുകളിൽ നടക്കുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ.

(എ) 30-6-2010-ലെ ജി.ഒ. (എംഎസ്.) 20/10/ഭ.സി.സ.വ. നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് തലത്തിൽ ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കാൻ അതാത് താലൂക്ക് സപ്ലൈ ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അതാത് പഞ്ചായത്തുകളിലെ പൊതുവിതരണ സംവിധാനം പരാതികൾക്കിടനൽകാതെ, കാര്യക്ഷമവും സുതാര്യവുമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുക, അതുസംബന്ധിച്ച പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക, ഗുണനിലവാരമുള്ള റേഷൻ സാധനങ്ങൾ ശരിയായ അളവിലും തൂക്കത്തിലും വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുക എന്നിവയ്ക്ക് പുറമേ ഗുണഭോക്താക്കളെ കണ്ടെത്തുന്നതു സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുക, ന്യായവില ഡിപ്പോകളുടെ നടത്തിപ്പും മറ്റ് പ്രവർത്തനങ്ങളും തുടർച്ചയായി മോണിറ്റർ ചെയ്യുക എന്നീ ചുമതലകളും പ്രസ്തുത കമ്മിറ്റികളിൽ നിക്ഷിപ്തമാണ്.

(സി) അതാത് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ കൺവീനറുമായിട്ടുള്ള കമ്മിറ്റിയിൽ താഴെ പറയുന്നവർ അംഗങ്ങളാണ് :

(1) പഞ്ചായത്ത് പ്രസിഡന്റ്

(2) വാർഡ് മെമ്പർ

(3) നിയമസഭയിലെ പ്രാതിനിധ്യമുള്ള രാഷ്ട്രീയപാർട്ടികളുടെ ഓരോ പ്രതിനിധി

(4) റേഷനിംഗ് ഇൻസ്പെക്ടർ

(5) ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, പഞ്ചായത്ത്, പോലീസ് എന്നീ വകുപ്പുകളുടെ ഓരോ പ്രതിനിധികൾ

കമ്മിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളുടെ നിർവ്വഹണത്തിനും അതാത് പഞ്ചായത്തിലെ പൊതു വിതരണ സംവിധാനം സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും രണ്ട് മാസത്തിലൊരിക്കൽ ഭക്ഷ്യോപദേശ-വിജിലൻസ് കമ്മിറ്റികൾ വിളിച്ച് ചേർക്കണമെന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. ബാബു പോൾ : സർ, റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും അഴിമതി അവസാനിപ്പിക്കുന്നതിനും ശക്തമായ നടപടികളാണ് ഈ ഗവൺമെന്റ് ഭരണമേറ്റെടുത്ത ശേഷം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് ഭരണമേറ്റെടുത്ത ശേഷം റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് എത്ര റേഷൻകടകൾക്കെതിരായി, നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? ഈ ഇനത്തിൽ ഗവൺമെന്റിലേയ്ക്ക് എത്ര തുക പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ശ്രീ. സി. ദിവാകരൻ : സർ, വ്യാപകമായിട്ടുള്ള റെയ്ഡുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഏകദേശം രണ്ട് ലക്ഷത്തിൽപ്പരം റെയ്ഡുകൾ കഴിഞ്ഞ നാല് കൊല്ലമായി നടത്തിയിട്ടുണ്ട്. 526 റേഷൻ കടകൾ റദ്ദാക്കിയിട്ടുണ്ട്. 22 ഹോൾസെയിൽ കടകൾ കൃാൻസൽ ചെയ്തിട്ടുണ്ട്. റെയ്ഡുകൾ ഇപ്പോഴും തുടരുകയാണ്.

ശ്രീ. പി. തിലോത്തമൻ : സർ, നിലവിൽ റേഷൻ കട നടത്തിക്കൊണ്ടിരിക്കുന്ന ലൈസൻസി മരണപ്പെട്ടാൽ അതിന്റെ അനന്തരാവകാശിക്ക് റേഷൻകടകളുടെ ലൈസൻസ് നൽകുന്നതിനുള്ള നടപടി ഇതിനുമുമ്പ് സ്വീകരിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ ആ നടപടി സ്വീകരിക്കുന്നില്ല. അതിൽ ഒരുപാട് പ്രയാസങ്ങളുണ്ടാകുന്നുണ്ട്. അതോടൊപ്പംതന്നെ കേരളത്തിലെ 14,000-ൽപ്പരം വരുന്ന റേഷൻ കടകൾ ഏറ്റവും പ്രധാനപ്പെട്ട പൊതുവിതരണ ശൃംഖലയെന്ന നിലയിൽ നവീകരിക്കാനുള്ള പദ്ധതികൾ എവിടെ വരെയായിയെന്നും ഓണത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ പോകുന്നതെന്നും പറയാമോ ?

ശ്രീ. സി. ദിവാകരൻ : സർ, ഈ കാര്യങ്ങൾക്കെല്ലാം മറുപടി പറഞ്ഞാൽ ഇന്ന് ഡിമാന്റ് ചർച്ചയിൽ എനിക്കൊന്നും പറയാനില്ലാതായി പോകും. എന്നാലും ഞാൻ പറയുകയാണ്, ഓണത്തിന് എല്ലാ സജ്ജീകരണങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കിയിട്ടുണ്ട്. പരിഭ്രമിക്കേണ്ട ഒരു കാര്യവുമില്ല. റേഷൻകടകളുടെയെല്ലാം സംവിധാനങ്ങൾ ചിട്ടപ്പെടുത്താൻ 60 കോടി രൂപയുടെ ഒരു പ്രോജക്ട് കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. ആ പ്രോജക്ട് മിക്കവാറും അംഗീകരിക്കുമെന്നാണ് തോന്നുന്നത്.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, റേഷൻ വിതരണവുമായി ബന്ധപ്പെട്ട് ഇപ്പോൾ നാട്ടിൻപ്രദേശത്ത് രണ്ട് രൂപയ്ക്ക് വിതരണം ചെയ്യുന്ന അരി എല്ലാ സ്ഥലങ്ങളിലേയും റേഷൻ കടകളിൽ വിതരണം ചെയ്യുന്നില്ലെന്നുള്ള പരാതി ധാരാളമായി ഉയർന്നുവരുന്നുണ്ട്. അത് പ്രത്യേകം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. ദിവാകരൻ : സർ, അങ്ങ് റേഷൻ കടകളുടെ നേതാവായിരുന്നല്ലോ ; അക്കാര്യത്തിൽ റേഷൻ കടകൾക്ക് നിർദ്ദേശം കൊടുക്കുന്നുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, അളവുതൂക്കങ്ങളിൽ വരുന്ന വെട്ടിപ്പ് തടയുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. സി. ദിവാകരൻ : സർ, അളവുതൂക്കങ്ങളിൽ വരുന്ന വെട്ടിപ്പ് തടയുന്നതുമായി ബന്ധപ്പെട്ട് ലീഗൽ മെട്രോളജിയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്.

റേഷൻ സാധനങ്ങൾ ഭക്ഷ്യയോഗ്യമാണെന്നുറപ്പുവരുത്താൻ നടപടി

5 (*455) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. സി. കെ. പി. പത്മനാഭൻ:
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലേക്ക് എഫ്. സി. ഐ. അയയ്ക്കുന്ന റേഷൻ ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാരം കുറഞ്ഞതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) റേഷൻ വിതരണത്തിന് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാരം കുറഞ്ഞതാണെന്നുള്ള എന്തെങ്കിലും പരാതി കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ ;

(ഡി) റേഷൻ കടകളിലൂടെ ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പുവരുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ,

(എ) പൊതുവിതരണ ശൃംഖല വഴി വിതരണത്തിനായി എഫ്.സി.ഐ.

LIBRARY ARCHIVES Kerala Legislative Assembly